# തലച്ചോറ്- വിസ്മയങ്ങളുടെ കേന്ദ്രം


# മനുഷ്യശരീരത്തിലെ ഏറ്റവും സങ്കീർണ്ണമായ അവയവമാണിത്.



# കടുപ്പം കൂടിയ തലയോടിനകത്താണ് തലച്ചോർ സ്ഥിതി ചെയ്യുന്നത്.



# മെനിഞ്ജസ്



തലയോടിനുള്ളിൽ തലച്ചോറിനെ പൊതിഞ്ഞിരിക്കുന്നസ്തരാവരണം.
ഇതിന്റെ പാളികൾക്കിടയിൽ സെറിബ്രോസ്പൈനൽ ദ്രവംകാണപ്പെടുന്നു.


# സെറിബ്രോസ്പൈനൽ ദ്രവം

- രക്തത്തിൽ നിന്നുണ്ടാവുന്നു-തിരിച്ച് രക്തത്തിലേക്ക് ആഗിരണം ചെയ്യുന്നു.
- സെറിബ്രൽ വെൻട്രിക്കിൾ,സെൻട്രൽ കനാൽ,

  മെനിഞ്ജസിലെ സ്ഥരപാളി എന്നിവടങ്ങളിൽ കാണപ്പെടുന്നു.
- തലച്ചോറിലെ കലകൾക്ക് പോഷകങ്ങളും ഓക്സിജനും നൽകുക,തലച്ചോറിന് സംരക്ഷണം നൽകുക എന്നിവയാണ് ഇതിന്റെ ധർമ്മം.

ubuntu


# സെറിബ്രം



- തലച്ചോറിലെ ഏറ്റവും വലിയ ഭാഗം
- സെറിബ്രത്തിന്റെ ബാഹ്യഭാഗത്ത് ന്യൂറോണുകളുടെ കോശശരീരം തിങ്ങിഞെരുങ്ങി സ്ഥിതി ചെയ്യുന്നു.
- ഈ ഭാഗത്ത് മയലിൻ ഉറയില്ലാത്തതിനാൽ ചാരനിറത്തിൽ കാണപ്പെടുന്നു(ഗ്രേ മാറ്റർ)

ubuntu

# സെറിബ്രം- ആന്തരഭാഗം




- സെറിബ്രത്തിന്റെ ആന്തരഭാഗം വൈറ്റ്മാറ്റർ എന്നറിയപ്പെടുന്നു.
- ഇത് മയലിൻ ഉറയോടു കൂടിയ നാഡീതന്തുക്കളാൽ നിർമ്മിതം.

ubuntu

# സെറിബ്രം- ധർമ്മം

- ബുദ്ധി, ഓർമ്മ, ചിന്ത, ഭാവന തുടങ്ങിയ ഗുണങ്ങളുടെ കേന്ദ്രം.
- കാഴ്ച, കേൾവി, മണം, രുചി തുടങ്ങിയ ഇന്ദ്രിയ വ്യാപാരങ്ങളുടെ കേന്ദ്രം.
- ഐച്ഛികപ്രവർത്തനങ്ങളുടെ നിയന്ത്രണകേന്ദ്രം.


# സെറിബല്ലം




- തലച്ചോറിലെ രണ്ടാമത്തെ വലിയ ഭാഗം.
- പേശിപ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ശരീരത്തിന്റെ തുലനനില പാലിക്കുന്നു.

ubuntu

# മെഡുല്ല ഒബ്ലോംഗേറ്റ




- സെറിബ്രത്തിന് ചുവടെ സെറിബല്ലത്തോട് ചേർന്ന് ദണ്ഡ് പോലെ കാണപ്പെടുന്ന ഭാഗം.
- ഇതിന്റെ തുടർച്ചയാണ് സുഷുമ്ന.
- ശ്വാസോച്ഛ്വാസം, ഹൃദയസ്പന്ദനം തുടങ്ങിയ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.